# AMCSFNCK – Admission to B.Sc., P.B. B.Sc. & M.Sc. Nursing Courses 2018-19 (Information on PROVISIONAL RANK LIST dated 06th July 2018 & OPTION REGISTRATION from 06th to 12th July 2018)

**B.Sc., Post Basic B.Sc. & M.Sc. Nursing ഓൺലൈൻ അലോട്ട്മെന്റിന് വേണ്ടി College and Course Option ജൂലൈ 06 മുതൽ 12 വരെ അസോസിയേഷന്റെ വെബ്സൈറ്റായ www.amcsfnck.com വഴി നൽകേണ്ടതാണ്.**

PROVISIONAL RANK LIST: 2018-19 വർഷത്തെ ബി.എസ്.സി., പോസ്റ്റ് ബേസിക്ക് ബി.എസ്.സി. & എം.എസ്.സി. നഴ്സിംഗ് പ്രവേശനത്തിനുള്ള **Open Merit** റാങ്ക് ലിസ്റ്റും വിവിധ വിഭാഗങ്ങൾ (**Category**) തിരിച്ചുള്ള **Provisional** റാങ്ക് ലിസ്റ്റുകളും **ജൂലൈ 06-ന്** വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. അപേക്ഷകർക്ക് എന്തെങ്കിലും തിരുത്തലുകളോ, നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ **ജൂലൈ 08-ന് വൈകീട്ട് 5 മണിക്കുള്ളിൽ admission2018@amcsfnck.com** എന്ന ഇ-മെയിൽ അഡ്രസ്സിലേയ്ക്ക് അറിയിക്കേണ്ടതാണ്. **ഇ-മെയിലിൽ Subject-ന്റെ സ്ഥാനത്ത് അപേക്ഷയുടെ നമ്പറും അപേക്ഷകന്റെ പേരും നിർബന്ധമായും ചേർക്കേണ്ടതാണ്. അപേക്ഷകരുടെ ഇത്തരം നിർദ്ദേശങ്ങൾ, അവരുടെ നേരത്തെ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും സർട്ടിഫിക്കറ്റുകളുടെ കോപ്പികളുമായി ഒത്തു നോക്കി മാത്രമെ അവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തുകയുള്ളൂ. അപേക്ഷകർക്ക് പുതുതായി കമ്യൂണിറ്റി സർട്ടിഫിക്കിറ്റിന്റേയോ മറ്റു രേഖകളുടേയോ കോപ്പികൾ സമർപ്പിക്കുവാൻ അവസരമുണ്ടായിരിക്കില്ല.**

**Category-wise Rank Lists:** ഓൺലൈനിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അപേക്ഷകർ തന്നെ തിരഞ്ഞെടുത്ത **Category** കൾക്കനുസരിച്ചാണ് വിവിധ വിഭാഗങ്ങൾ (**Category**) തിരിച്ചുള്ള Provisional റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. അലോട്ട്മെന്റിനെത്തുടർന്ന് കോളേജിലെ പ്രവേശന നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുന്നു എന്ന് തെളിയിക്കുവാൻ ഹാജരാക്കാനായി പ്രോസ്പെക്ടസിൽ നിർദ്ദേശിച്ചിരിക്കുന്ന രേഖകളുടെ Original കോളേജ് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷാർത്ഥിക്ക് പ്രവേശനത്തിലുള്ള അവസരം നഷ്ടമാകും.

**ഉദാഹരണം 1:** Catholic Religious Sisters എന്ന വിഭാഗത്തിൽ (Category) അലോട്ട്മെന്റ് ലഭിച്ച അപേക്ഷാർത്ഥി പ്രോസ്പെക്ടസിൽ അറിയിച്ചിട്ടുള്ളതു പോലെ കോളേജ് പ്രവേശനസമയത്ത് താനുൾപ്പെടുന്ന സന്യാസ സമൂഹത്തിലെ സുപ്പീരിയറിൽ നിന്നുമുള്ള സാക്ഷ്യപത്രം കോളേജ് പ്രിൻസിപ്പാളിന് സമർപ്പിക്കണം. അല്ലാത്തപക്ഷം അപേക്ഷാർത്ഥിക്ക് പ്രവേശനത്തിലുള്ള അവസരം നഷ്ടപ്പെടും.

**ഉദാഹരണം 2:** എതെങ്കിലും പ്രത്യേക സഭാ സമൂഹത്തിനൊ, രൂപതയ്ക്കൊ ഉള്ളവിഭാഗത്തിൽ (Category) അലോട്ട്മെന്റ് ലഭിച്ച അപേക്ഷാർത്ഥി പ്രോസ്പെക്ടസിൽ അറിയിച്ചിട്ടുള്ളതു പോലെ കോളേജ് പ്രവേശന സമയത്ത് അതു തെളിയിക്കാനായി വികാരിയച്ചന്റേയോ / പാസ്റ്ററിന്റേയോ Original സർട്ടിഫിക്കറ്റ് കോളേജ് പ്രിൻസിപ്പാളിന് സമർപ്പിക്കണം. അല്ലാത്തപക്ഷം അപേക്ഷാർത്ഥിക്ക് പ്രവേശനത്തിലുള്ള അവസരം നഷ്ടപ്പെടുന്നതാണ്.

ഏതെങ്കിലും കാരണത്താൽ ഓൺലൈനിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ, അപേക്ഷകർ തങ്ങൾക്കർഹതയില്ലാത്ത വിഭാഗങ്ങൾ **(Category)** തിരഞ്ഞെടുക്കുകയും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന **Category-wise Rank List** ൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ **admission2018@amcsfnck.com** എന്ന ഇ-മെയിൽ അഡ്രസ്സിലേയ്ക്ക് **ജൂലൈ 08-ന് വൈകീട്ട് 05 മണിക്കുള്ളിൽ** അറിയിക്കുക. ഇ-മെയിലിൽ Subject-ന്റെ സ്ഥാനത്ത് അപേക്ഷയുടെ നമ്പറും അപേക്ഷകന്റെ പേരും നിർബന്ധമായും ചേർക്കേണ്ടതാണ്. അപേക്ഷകർക്ക് പുതുതായി കമ്യൂണിറ്റി സർട്ടിഫിക്കിറ്റിന്റേയോ മറ്റു രേഖകളുടേയോ കോപ്പികൾ സമർപ്പിക്കുവാൻ അവസരമുണ്ടായിരിക്കില്ല.

## ONLINE OPTION REGISTRATION (ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ):

**ബി.എസ്.സി., പോസ്റ്റ് ബേസിക്ക് ബി.എസ്.സി. & എം.എസ്.സി. നഴ്സിംഗ് കോഴ്സുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ അപേക്ഷകരും** 2018 ജൂലൈ 06–നും 12–നും **ഇടയിൽ www.amcsfnck.com** വെബ്സൈറ്റ് വഴി പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന കോളെജുകൾ മുൻഗണനാ ക്രമാനുസരണം തിരഞ്ഞെടുത്ത് ഓൺലൈനിൽ രേഖപ്പെടുത്തേണ്ടതാണ്.

1. പ്രോസ്പെക്ടസിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന സമയക്രമപ്രകാരം, 2018 ജൂലൈ 06–നും 12–നും ഇടയിലാണ് അപേക്ഷകർ തങ്ങളുടെ ഓപ്ഷനുകൾ ഓൺലൈനായി രേഖപ്പെടുത്തേണ്ടത്. ഇതിനായി വ്യക്തിപരമായ അറിയിപ്പുകളൊന്നും ലഭിക്കുന്നതല്ല. അപേക്ഷകർ ഈ ദിവസങ്ങളിൽ വെബ്സൈറ്റ് സന്ദർശിക്കേണ്ടതും, വെബ്സൈറ്റിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ഓപ്ഷൻ രേഖപ്പെടുത്തേണ്ടതുമാണ്.
2. ഓരോ അപേക്ഷകനും അവരവരുടെ യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് ലോഗ്–ഇൻ ചെയ്താണ് അവർക്ക് താത്പര്യമുള്ള കോളേജ് ഓപ്ഷൻ മുൻഗണനാ ക്രമത്തിൽ രേഖപ്പെടുത്തേണ്ടതാണ്. (Applicants shall use the LOGIN ID and PASS WORD in order to sign into the portal for online option registration.)
3. ഓരോ അപേക്ഷകനും താത്പര്യമുള്ള കോളെജുകളിലേക്കു മാത്രം (ആവശ്യക്കാർക്ക് എല്ലാ കോളേജിലക്കും ഓപ്ഷൻ നല്കാനുള്ള സാധ്യതയുണ്ട്) ഓപ്ഷൻ രേഖപ്പെടുത്തേണ്ടതാണ്. **ഒരിക്കൽ ഓൺലൈനായി submit ചെയ്തു കഴിഞ്ഞാൽ, പിന്നീട് തിരഞ്ഞെടുത്ത കോളേജുകളോ അവയുടെ മുൻഗണനാ ക്രമമോ മാറ്റുവാൻ സാധിക്കുകയില്ല എന്നതിനാൽ ഓപ്ഷൻ രജിസ്ട്രേഷൻ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കേണ്ടതാണ്.**

(Applicants shall choose the names of the Colleges in the order of their preference/choice from the drop down table menu that displays the names of colleges in the alphabetical order of their names against each serial number. Applicants will not get an opportunity to rearrange College choices later on. Therefore, applicants are requested to make the preferential choices diligently.)

4. ഓരോ അപേക്ഷകനും തങ്ങൾ രജിസ്റ്റർ ചെയ്ത ഓപ്ഷൻ ലിസ്റ്റ് അപേക്ഷകന്റെ ഇ–മെയിലിൽ ലഭിക്കുന്നതാണ്. (After entering the choices of Colleges in the order of preference, the applicant shall click on the '**SUBMIT**' button at the bottom. A pop-up box will prompt the applicant to confirm that they have completed their option registration. If the applicant respond 'YES' on the pop-up box, they will receive a .pdf page that displays the options they have registered. The same .pdf page will be e-mailed to the applicant's registered e-mail ID. The option registration option for the applicant is then inactivated and the applicant will not be permitted to make any change, thereafter.)

പോസ്പെക്ടസിൽ അറിയിച്ചിട്ടുള്ളതുപോലെ ബി.എസ്.സി., പോസ്റ്റ് ബേസിക്ക് ബി.എസ്.സി. & എം.എസ്.സി. നഴ്സിംഗ് കോഴ്സുകളിൽ 2018 വർഷത്തെ പ്രവേശനത്തിനായുള്ള ആദ്യ ഓൺലൈൻ അലോട്ട്മെന്റ് ജൂലൈ 18–ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അതനുസരിച്ച് പ്രവേശനത്തിനായി കോളേജുകളിൽ ഹാജരാകുകയും **Original** സർട്ടിഫിക്കറ്റുകളും ഒന്നാം വർഷത്തെ ഫീസും നൽകുകയും ചെയ്യേണ്ട സമയക്രമീകരണം അലോട്ട്മെന്റിനൊപ്പം പ്രസിദ്ധീകരിക്കും. അലോട്ട്മെന്റിൽ അറിയിക്കുന്ന അവസാന തിയതിക്കകം കോളേജുകളിൽ പ്രവേശനം നേടാത്ത അപേക്ഷാർത്ഥികൾക്ക് തങ്ങളുടെ അവസരം നഷ്ടപ്പെടുത്തുന്നതാണ്. (The **First Online Allotment for B.Sc., Post Basic B.Sc. & M.Sc. Nursing Courses** as per the choices made by the applicant and on the basis of their rank will be published on the website on **18th July 2018** together with instructions on taking admission at allotted colleges remitting the first year fees. **The selected candidates shall report for admission at the office of the Principals of the respective colleges to which the candidates are allotted as per the time schedule to be published along with the online allotment, failing which the offer of admission will stand cancelled.** The candidates will lose all future claims for admission, if they fail to join before the last date notified).

കൂടുതൽ വിവരങ്ങൾക്ക്
www.amcsfnck.com സന്ദർശിക്കുക
AMCSFNCK Mobile App
GET IT ON Google Play